**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** **30-08-2022 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം കണക്കാക്കുന്ന രീതി വ്യക്തമാക്കാമോ; സമീപ കാലത്ത് കാലാവസ്ഥാ ദുരന്തങ്ങൾ തുടരെയുണ്ടാകുന്ന സാഹചര്യത്തിൽ അതു സംബന്ധിച്ച് മാനദണ്ഡം തയ്യാറാക്കാൻ പ്രത്യേക സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്കുള്ള ദുരിതാശ്വാസ സഹായം കണക്കാക്കുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2015-2020-ൽ നിന്നുള്ള ദുരിതാശ്വാസ സഹായത്തിന്റെ മാനദണ്ഡങ്ങളും ഇനങ്ങളും അനുസരിച്ച് ആണ്. ദുരിതാശ്വാസ സഹായത്തിന്റെ ഈ ഇനങ്ങളും മാനദണ്ഡങ്ങളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം തയ്യാറാക്കിയതാണ്. നിലവിലെ മാനദണ്ഡം നിർണ്ണയിച്ചത് 14-ാം ധനകാര്യ കമ്മീഷനാണ്. 2015 ഏപ്രിലിലാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസതോത് അവസാനമായി പരിഷ്കരിച്ച് എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയത്. ഇതനുസരിച്ച് പ്രകൃതിക്ഷോഭത്തിൽ മരിച്ച വ്യക്തിയുടെ കുടുംബത്തിന് നാല് ലക്ഷം രൂപയാണ് ദുരിതാശ്വാസ സഹായമായി നൽകുന്നത്. പ്രകൃതി ദുരന്തത്തിൽ വീടുകൾക്കുള്ള നാശനഷ്ടം തിട്ടപ്പെടുത്തുന്നത് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ ,തദ്ദേശ സ്വയം ഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട ടീമാണ്. നാശനഷ്ടം സംഭവിച്ച വീടുകൾ സന്ദർശിച്ച് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി അതനുസരിച്ച് നഷ്ടപരിഹാര തുക തിട്ടപ്പെടുത്തി വരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം അനുവദിക്കുന്ന തുക പരിമിതമായതിനാൽ തീവ്ര ദുരന്ത സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള വിഹിതം കൂടി ഉൾപ്പെടുത്തി അധിക ദുരിതാശ്വാസ സഹായമാണ് കേരളം നൽകി വരുന്നത്.<br><br>നിലവിൽ വീടുകൾക്ക് സംഭവിക്കുന്ന നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 26.10.2018 |

| | | | |
|---|---|---|---|
| | | | തീയതിയിലെ സ.ഉ(കൈ)നം.24/2018-ഡിഎംഡി ഉത്തരവ് പ്രകാരം അനുവദിക്കുന്ന തുകയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. വ്യക്തികൾക്ക് ഉണ്ടാകുന്ന മുറിവുകളുടെയും വീടുകളുടെ കേടുപാടുകളുടെ തോത് അനുസരിച്ചും വിവിധ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നിശ്ചയിച്ചിട്ടുണ്ട്. ധനസഹായത്തിനുള്ള മാനദണ്ഡം ഉണ്ടാക്കേണ്ടതിന്റേയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന്റെയും ചുമതല കേന്ദ്ര ആഭ്യന്തര മന്ത്രാലത്തിൽ നിക്ഷിപ്തമാണ്. ആയതിനാൽ ദുരന്ത നിവാരണത്തിനുള്ള മാനദണ്ഡം തയ്യാറാക്കാൻ പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതം വർധിപ്പിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന വിഷയം അല്ലാത്തതിനാൽ നിലവിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധി/കേന്ദ്ര ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന 15-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വിവിധ ഐറ്റങ്ങൾക്കുള്ള തുക വർധിപ്പിക്കുക, സംസ്ഥാന സവിശേഷ ദുരന്തങ്ങൾക്കുള്ള നിലവിലെ വകയിരുത്തൽ വർധിപ്പിക്കുക, ദുരന്ത ലഘൂകരണ നിധി രൂപീകരിച്ചു കൊണ്ട് അതിൽ നിന്നും സംസ്ഥാന ദുരന്ത ലഘൂകരണ നിധിക്ക് സഹായം നൽകുക തുടങ്ങിയ നിർദ്ദേശങ്ങളുൾപ്പെടുത്തി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽക്കണ്ടു കൊണ്ട് വിശദമായ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഇപ്രകാരമുള്ള സമിതിയെ നിയോഗിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ പ്രധാന നിരീക്ഷണങ്ങളും ശിപാർശകളും വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്കുള്ള ദുരിതാശ്വാസ സഹായം കണക്കാക്കുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2015-2020-ൽ നിന്നുള്ള ദുരിതാശ്വാസ സഹായത്തിന്റെ മാനദണ്ഡങ്ങളും ഇനങ്ങളും അനുസരിച്ച് ആണ്. ദുരിതാശ്വാസ സഹായത്തിന്റെ ഈ ഇനങ്ങളും മാനദണ്ഡങ്ങളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം തയ്യാറാക്കിയതാണ്. നിലവിലെ മാനദണ്ഡം നിർണ്ണയിച്ചത് 14-ാം ധനകാര്യ കമ്മീഷനാണ്. 2015 ഏപ്രിലിലാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസതോത് അവസാനമായി പരിഷ്കരിച്ച് എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയത്. ഇതനുസരിച്ച് പ്രകൃതിക്ഷോഭത്തിൽ മരിച്ച വ്യക്തിയുടെ |

കുടുംബത്തിന് നാല് ലക്ഷം രൂപയാണ് ദുരിതാശ്വാസ സഹായമായി നൽകുന്നത്. പ്രകൃതി ദുരന്തത്തിൽ വീടുകൾക്കുള്ള നാശനഷ്ടം തിട്ടപ്പെടുത്തുന്നത് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ ,തദ്ദേശ സ്വയം ഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട ടീമാണ്. നാശനഷ്ടം സംഭവിച്ച വീടുകൾ സന്ദർശിച്ച് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി അതനുസരിച്ച് നഷ്ടപരിഹാര തുക തിട്ടപ്പെടുത്തി വരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം അനുവദിക്കുന്ന തുക പരിമിതമായതിനാൽ തീവ്ര ദുരന്ത സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള വിഹിതം കൂടി ഉൾപ്പെടുത്തി അധിക ദുരിതാശ്വാസ സഹായമാണ് കേരളം നൽകി വരുന്നത്.

നിലവിൽ വീടുകൾക്ക് സംഭവിക്കുന്ന നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 26.10.2018 തീയതിയിലെ സ.ഉ(കൈ)നം.24/2018-ഡിഎംഡി ഉത്തരവ് പ്രകാരം അനുവദിക്കുന്ന തുകയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. വ്യക്തികൾക്ക് ഉണ്ടാകുന്ന മുറിവുകളുടെയും വീടുകളുടെ കേടുപാടുകളുടെ തോത് അനുസരിച്ചും വിവിധ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നിശ്ചയിച്ചിട്ടുണ്ട്. ധനസഹായത്തിനുള്ള മാനദണ്ഡം ഉണ്ടാക്കേണ്ടതിന്റേയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന്റെയും ചുമതല കേന്ദ്ര ആഭ്യന്തര മന്ത്രാലത്തിൽ നിക്ഷിപ്തമാണ്. ആയതിനാൽ ദുരന്ത നിവാരണത്തിനുള്ള മാനദണ്ഡം തയ്യാറാക്കാൻ പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതം വർധിപ്പിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന വിഷയം അല്ലാത്തതിനാൽ നിലവിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധി/കേന്ദ്ര ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന 15-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വിവിധ ഐറ്റങ്ങൾക്കുള്ള തുക വർധിപ്പിക്കുക, സംസ്ഥാന സവിശേഷ ദുരന്തങ്ങൾക്കുള്ള നിലവിലെ വകയിരുത്തൽ വർധിപ്പിക്കുക, ദുരന്ത ലഘൂകരണ നിധി രൂപീകരിച്ച് കൊണ്ട് അതിൽ നിന്നും സംസ്ഥാന ദുരന്ത ലഘൂകരണ നിധിക്ക് സഹായം നൽകുക തുടങ്ങിയ നിർദ്ദേശങ്ങളുൾപ്പെടുത്തി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽക്കണ്ട് കൊണ്ട് വിശദമായ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്തബാധിതരുടെ നഷ്ടം കൃത്യമായി കണക്കാക്കി അർഹതപ്പെട്ട നഷ്ടപരിഹാരം കാലതാമസമില്ലാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്ത ബാധിതരുടെ നഷ്ടം കണക്കാക്കി അർഹതപ്പെട്ട നഷ്ടപരിഹാരം വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **നാശനഷ്ടത്തിന്റെ തോത്** | **സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്ന തുക** | **മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന തുക** | **ആകെ അനുവദിക്കുന്ന തുക** |
|---|---|---|---|
| 75-100% മലയോരം | 1,01,900/- | 2,98,100/- | 4,00,000/- |
| 75-100% സമതലം | 95,100/- | 3,04,900/- | 4,00,000/- |
| 60-74% മലയോരം | 76,500/- | 1,73,500/- | 2,50,000/- |
| 60-74% സമതലം | 71,000 | 1,79,000/- | 2,50,000/- |
| 30-59% മലയോരം | 51,000/- | 74,000/- | 1,25,000/- |
| 30-59% സമതലം | 47,500/- | 77,500/- | 1,25,000/- |
| 16-29% മലയോരം | 30,500/- | 29,500/- | 60,000/- |
| 16-29% സമതലം | 28,500/- | 31,500/- | 60,000/- |
| കുറഞ്ഞത് 15% (atleast 15%) | 5200/- | 4800/- | 10,000/- |